**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3548** | **02-03-2023 - ൽ മറുപടിയ്ക്ക്**

**കർമ്മചാരി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പഠനത്തോടൊപ്പം തൊഴിൽ എന്ന ആഗോള നിലവാരത്തിലേക്ക് എത്തിക്കുന്നതിലേക്ക് തൊഴിൽ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും കൈകോർത്ത് കർമ്മചാരി എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പഠനത്തോടൊപ്പം തൊഴിൽ എന്ന ആഗോള നിലവാരത്തിലേക്ക് എത്തിക്കുന്നതിലേക്ക് തൊഴിൽ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും കൈകോർത്ത് കർമ്മചാരി എന്ന പദ്ധതി വിഭാവനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2021-22 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കിടയിൽ തൊഴിലിന്റെ മഹത്വവും മൂല്യവും വർദ്ധിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും സഹകരണത്തോടെ പഠനത്തോടൊപ്പം ജോലി എന്നത് സാധ്യമാക്കുന്നതിനായി 'കർമ്മചാരി' എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആയത്, ആദ്യഘട്ടം എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന് മുന്നോടിയായി മാനേജ്മെന്റുകളുമായി ഒരു പ്രാഥമിക ചർച്ച നടത്തുകയും തുടർന്ന് തൊഴിൽമേഖലയിലെ തൊഴിലുടമ കളുടെയും തൊഴിലുടമാ പ്രതിനിധി കളുമായും ഒരു ഋഗിൾമീറ്റ് ചേരുകയും ചെയ്തു.<br><br>ടി പദ്ധതിയുമായി ബന്ധപ്പെട്ട് 08/02/2023 -ാം തീയതിയിൽ ബഹു.തൊഴിലും പൊതുവിദ്യാഭ്യാസവും വകുപ്പ് മന്ത്രിയുടെയും ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് തീരുമാനം എടുക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരികയുമാണ്.<br><br>സംസ്ഥാനസർക്കാർ രാജ്യത്താദ്യമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ജോലി നൽകുന്നതുമായി ബന്ധപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനുമായി ഒരു |

| | | | |
|---|---|---|---|
| | | | ഓൺലൈൻ ജോബ്പോർട്ടൽ ക്രമീകരിക്കുന്നതിനുള്ള കാര്യം പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി നടത്തിയ മുന്നൊരുക്കങ്ങൾ വിശദമാക്കാമോ; ഏതൊക്കെ തലങ്ങളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 'എ' യിൽ മറുപടി നൽകിയിരിക്കുന്നു. |
| (സി) | കർമ്മചാരി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് അനുയോജ്യമായ സ്ഥലം തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ നിശ്ചയിച്ച സ്ഥലം അറിയിക്കാമോ? | (സി) | 'കർമ്മചാരി' പദ്ധതിയുടെ ആദ്യഘട്ടം എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ